ഉത്തരം

(എ) ഭൂമിക്ക് ന്യായവില നിശ്ചയിച്ചുകൊണ്ട് 5-1-2004-ൽ സർക്കാർ പ്രസിദ്ധീകരിച്ച ന്യായവില സംബന്ധിച്ച വിജ്ഞാപനം 19-2-2004-ൽ പിൻവലിച്ചു.

(ബി ആന്റ് സി) പലഭാഗത്തുനിന്നും ആക്ഷേപം ഉയർന്നതിനാൽ അവ പരിഹരിക്കുന്നതിനായി വിജ്ഞാപനം നടപ്പിലാക്കുന്നത് നിർത്തി വച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച പരാതികൾ സമർപ്പിക്കുന്നതിന് അവസരം നൽകുന്നതിനു കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ആർ. ഡി. ഒ.-മാർ പരാതികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആക്ഷേപങ്ങൾ പരിശോധിച്ച് ആർ.ഡി.ഒ.-മാർ തീരുമാനമെടുക്കുന്നതാണ്.

സാക്ക് യോജന പദ്ധതി പ്രകാരമുള്ള റോഡുകൾ

160 [163] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ സാക്ക് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് 2002-2003 വർഷം വരെ എത്ര റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്;

(ബി) ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിലെ തലശ്ശേരി, കൂത്തുപറമ്പ് ബ്ലോക്കുകളിലെ നിർദ്ദിഷ്ട റോഡുകളുടെ പ്രവൃത്തികൾ എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(ഡി) കൂത്തുപറമ്പ് ബ്ലോക്കിലെ പാത്തിക്കൽ-കണ്ടിവാതുക്കൽ റോഡ്, തലശ്ശേരി ബ്ലോക്കിലെ കിടഞ്ഞി റോഡ് എന്നിവയുടെ പ്രവൃത്തികൾ എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രധാനമന്ത്രി ഗ്രാമ സാക്ക് യോജന പ്രകാരം 2000-2001-ൽ സംസ്ഥാനത്താരംഭിച്ച 33 റോഡുകളുടെ നിർമ്മാണ പദ്ധതിയിൽ 29 റോഡുകളും 2001-2002-ൽ ആരംഭിച്ച 184 റോഡുപണികളിൽ 85 എണ്ണവും ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി ആന്റ് ഡി) കണ്ണൂർ ജില്ലയിലെ തലശ്ശേരി, കൂത്തുപറമ്പ് ബ്ലോക്കുകൾ ഇതുവരെ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല, ഏറ്റവും കൂടുതൽ ഒറ്റപ്പെട്ട സങ്കേതങ്ങൾ സ്ഥിതിചെയ്യുന്ന ബ്ലോക്കുകളെ മുൻഗണനാപ്രകാരം ജില്ലാതലത്തിൽ നിശ്ചയിച്ച് പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്കാണ് ബ്ലോക്കുകളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. തലശ്ശേരി, കൂത്തുപറമ്പ് ബ്ലോക്കുകളുടെ മുൻഗണന ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ തയ്യാറാക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly